**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 302** **29-01-2024 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സപ്ലൈകോയിൽ സബ്സിഡി സാധനങ്ങൾക്ക് ഉള്ളതായി പറയപ്പെടുന്ന ദൗർലഭ്യവും റേഷൻ അരി വിതരണത്തിലെ തടസ്സങ്ങളും വിലക്കയറ്റത്തിന് കാരണമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | അവശ്യവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. റേഷൻ അരി വിതരണത്തിൽ യാതൊരു തടസ്സവും സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. |
| (സി) | അയൽ സംസ്ഥാനങ്ങളിൽ വിളവെടുപ്പ് തുടങ്ങിയ സാഹചര്യത്തിൽ അരിവില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | അയൽ സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് അരി സംഭരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. സപ്ലൈകോയുടെ സ്വന്തം ശബരി ബ്രാൻഡിൽ പാലക്കാടൻ മട്ട അരിയും ആന്ധ്രാ ജയ അരിയും പൊതു വിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ സപ്ലൈകോ വില്പന ശാലകളിലൂടെ വില്പന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ